## കാര്യപരിപാടി

| | | |
|---|---|---|
| ഈശ്വര പ്രാർത്ഥന | | |
| അദ്ധ്യക്ഷൻ | : | **കെ.പി. ധനപാലൻ** എക്സ്. എം.പി.<br>പ്രസിഡന്റ്, KEEC |
| അനുസ്മരണം | | |
| സ്വാഗതം | : | **സിബിക്കുട്ടി ഫ്രാൻസിസ്**<br>ജനറൽ സെക്രട്ടറി, KEEC |
| അനുസ്മരണ സമ്മേളനം ഉദ്ഘാടനം,<br>അപകട സഹായ സ്കീം ഉദ്ഘാടനം | : | **ശ്രീ ഉമ്മൻ ചാണ്ടി**<br>മുൻ മുഖ്യമന്ത്രി |
| എം.എസ്. റാവുത്തർ മെമ്മോറിയൽ<br>ട്രസ്റ്റ് ഉദ്ഘാടനം | : | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>മുൻ വൈദ്യുതി വകുപ്പ് മന്ത്രി |
| മുഖ്യ അനുസ്മരണ പ്രഭാഷണം | : | **ശ്രീ. കെ. മുരളീധരൻ** എം.എൽ.എ.<br>മുൻ. കെ.പി.സി.സി. പ്രസിഡന്റ് |
| KEEC (Google) Android app ഉദ്ഘാടനം | : | **ശ്രീ. ശശിതരൂർ** എം.പി |
| അനുസ്മരണം | : | **ശ്രീമതി. ലതികാസുഭാഷ്**<br>KPCC ജനറൽ സെക്രട്ടറി |
| | : | **ശ്രീ. കരകുളം കൃഷ്ണപിള്ള**<br>DCC പ്രസിഡന്റ് |
| | : | **അഡ്വ. ജി. സുബോധൻ**<br>INTUC സംസ്ഥാന വൈസ്പ്രസിഡന്റ് |
| | | **വി.ആർ. പ്രതാപൻ**<br>INTUC ജില്ലാ പ്രസിഡന്റ്, തിരുവനന്തപുരം |
| | : | **ശ്രീ. ആർ. ചന്ദ്രചൂഢൻ നായർ**<br>ജനറൽ സെക്രട്ടറി,<br>പവർബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ |
| കൃതജ്ഞത | : | **വി. ഗോപകുമാർ**<br>ട്രഷറർ, KEEC |

2016 സെപ്റ്റംബർ
**27**
ചൊവ്വ
4.00 PM





# എം.എസ്.റാവുത്തർ

### മൂന്നാം വാർഷിക

# അനുസ്മരണം

**എം. എസ്. റാവുത്തർ മെമ്മോറിയൽ ട്രസ്റ്റ് ഉദ്ഘാടനം**
**KEEC ഗൂഗിൾആപ് ഉദ്ഘാടനം, രക്തദാനക്യാമ്പ്**
**ജോലിക്കിടയിൽ അപകടം സംഭവിക്കുന്ന വൈദ്യുതി ജീവനക്കാരന്**
**എം.എസ്. റാവുത്തർ ട്രസ്റ്റിന്റെ സഹായ പദ്ധതി ഉദ്ഘാടനം**

## വി.ജെ.റ്റി.ഹാൾ,പാളയം, തിരുവനന്തപുരം

| | | |
|---|---|---|
| അനുസ്മരണ സമ്മേളനം ഉദ്ഘാടനം | : | **ശ്രീ. ഉമ്മൻചാണ്ടി** മുൻ മുഖ്യമന്ത്രി |
| എം.എസ്. റാവുത്തർ മെമ്മോറിയൽ ട്രസ്റ്റ് ഉദ്ഘാടനം | : | **ശ്രീ. ആര്യാടൻ മുഹമ്മദ്** മുൻവൈദ്യുതിമന്ത്രി |
| മുഖ്യഅനുസ്മരണ പ്രഭാഷണം | : | **ശ്രീ. കെ. മുരളീധരൻ** MLA |
| KEEC ഗൂഗിൾആപ് ഉദ്ഘാടനം | : | **ശ്രീ. ശശിതരൂർ** MP |
| അദ്ധ്യക്ഷൻ | : | **ശ്രീ. കെ.പി. ധനപാലൻ** Ex MP |

ചടങ്ങുകൾ തത്സമയ സംപ്രേക്ഷണം www.intuckeec.com

**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)**

**സുഹൃത്തേ,**

എം.എസ്. റാവുത്തർ എന്ന ബഹുമുഖപ്രതിഭ നഷ്ടപ്പെട്ടിട്ട് 2016 സെപ്തംബർ 27 ന് 3 വർഷം തികയുകയാണ്. റാവുത്തർ സാറിനെക്കുറിച്ചുള്ള ഓർമ്മകൾ എന്നും നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നു. കൊടിയുടെ നിറം നോക്കാതെ തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. വൈദ്യുതി ബോർഡിൽ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ എം.എസ്. റാവുത്തറുടെ നേതൃത്വത്തിൽ കോൺഫെഡറേഷൻ സ്വീകരിച്ചിരുന്ന നിലപാടുകൾ ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു. റീവെസ്റ്റിംഗുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ വേണമെന്നും പ്രസ്തുത കരാറിനെ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തണമെന്നും പെൻഷന് ഗ്യാരന്റി വേണമെന്നുമുള്ള നിലപാടുകൾ അംഗീകരിക്കപ്പെട്ടു. നിയമനം പി.എസ്.സി. നടത്തണമെന്നുള്ള നിർദ്ദേശം അംഗീകരിച്ച് UDF ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. ത്രികക്ഷി കരാർ ഉൾപ്പടെയുള്ള സുരക്ഷാപദ്ധതികളെ ആദ്യം മുതൽ എതിർത്തവർ പോലും പിന്നീട് അത് അംഗീകരിച്ചത് റാവുത്തറുടെ നേതൃത്വത്തിൽ കോൺഫെഡറേഷൻ സ്വീകരിച്ച നയങ്ങളുടെ വിജയമാണ്. വൈദ്യുതി മേഖലയിൽ ഇടതു സംഘടനകൾക്കുള്ള കുത്തക ഇല്ലാതാക്കാമെന്ന് 2003ൽ കോഴിക്കോട് നടന്ന സംസ്ഥാന സമ്മേളനത്തിൽ എം.എസ്. റാവുത്തർ പ്രഖ്യാപിച്ചത് കഴിഞ്ഞ റഫറണ്ടത്തിൽ യാഥാർത്ഥ്യമായി. വൈദ്യുതി ബോർഡിൽ 2015 ൽ നടന്ന ഹിതപരിശോധനയിൽ കെ.എസ്.ഇ.ബിയുടെയും ഐ.എൻ.റ്റി.സിയുടെയും ചരിത്രത്തിലാദ്യമായി 25% തൊഴിലാളികളുടെ പിന്തുണയോടെ ഈ സ്ഥാപനത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സംഘടനയായി തൊഴിലാളികൾ കോൺഫെഡറേഷൻ നേതൃത്വം നൽകിയ UDEEFനെ അംഗീകരിച്ചു. ഈ വിജയം ഞങ്ങൾ ഞങ്ങളുടെ പ്രിയ നേതാവിന് സമർപ്പിക്കുന്നു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി, INEWF അഖിലേന്ത്യാ ജനറൽ സെക്രട്ടറി, INTUC കേന്ദ്ര പ്രവർത്തക സമിതി അംഗം, വിവിധ ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ്/ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരവെയാണ് അദ്ദേഹം 2013 സെപ്തംബർ 27 ന് ഇഹലോകത്തോട് വിടപറഞ്ഞത്.

തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ഡിവിഷനുകളിലും സെപ്തംബർ 26 ന് മൂന്നാം ചരമവാർഷിക അനുസ്മരണം നടക്കും. അനുസ്മരണത്തോടനുബന്ധിച്ച് ഡിവിഷൻ തലത്തിൽ കോൺഫെഡറേഷന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തുന്നു. അനുസ്മരണ ചടങ്ങുകളിൽ പ്രമുഖ രാഷ്ട്രീയ ട്രേഡ് യൂണിയൻ സാംസ്കാരിക നേതാക്കന്മാർ പങ്കെടുക്കുന്നു.

2016 സെപ്തംബർ 27 ചൊവ്വാഴ്ച വൈകുന്നേരം 4 ന് പാളയം, വി.ജെ.റ്റി. ഹാളിൽ വച്ചു നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ എല്ലാ ജീവനക്കാരെയും ഓഫീസർമാരെയും സുഹൃത്തുക്കളെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
20.09.2016

ജനറൽ സെക്രട്ടറി

# എം. എസ്. റാവുത്തർ മെമ്മോറിയൽ ട്രസ്റ്റ്

## സാമൂഹിക പ്രവർത്തനത്തിൽ മറ്റൊരു നാഴികക്കല്ല്

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ എല്ലാമെല്ലാമായിരുന്ന **എം. എസ്. റാവുത്തറുടെ** സ്മരണാർത്ഥമാണ് എം. എസ് റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന് രൂപം നൽകിയിരിക്കുന്നത്. സൗജന്യ വൈദ്യുതി കണക്ഷൻ, രക്തദാനം തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നു. വൈദ്യുതി മേഖലയിലെ ജോലിക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് യൂണിയൻ വ്യത്യാസമില്ലാതെ ഉടനടി 3000 രൂപ നൽകുന്ന സ്കീമിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി **ശ്രീ. ഉമ്മൻ ചാണ്ടി** നിർവ്വഹിക്കുന്നതാണ്. എം. എസ്. റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ ഉദ്ഘാടനം മുൻ **വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദും**, ലോഗോ പ്രകാശനം **കെ. മുരളീധരൻ എം. എൽ. എയും** നിർവ്വഹിക്കുന്നതാണ്.

KEEC ഗൂഗിൾആപ് വൈദ്യുതി ജീവനക്കാരുടെ ഇടയിൽ ഏറെ ശ്രദ്ധേയമായ വെബ്സൈറ്റാണ് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ വെബ്സൈറ്റ് www.intuckeec.com. ഈ വെബ്സൈറ്റിൽ വരുന്ന ഉത്തരവുകൾ എം. എസ്. റാവുത്തർ മെമ്മോറിയൽ ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ വിവരങ്ങൾ തുടങ്ങിയവ ഇനിമേൽ KEEC എന്ന ഗൂഗിൾആപ് ഡൗൺലോഡ് ചെയ്യുന്ന എല്ലാവർക്കും ലഭിക്കും.KEEC ഗൂഗിൾആപിന്റെ ഉദ്ഘാടനം **ശ്രീ. ശശിതരൂർ എം. പി** നിർവ്വഹിക്കും.